തകർച്ചയും നേരിടുന്നില്ല. കഴിഞ്ഞ കുറേ വർഷങ്ങളായി തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് മലബാർ സിമന്റ്സ്. മലബാർ സിമെന്റ്സിന്റെ ചേർത്തലയിലുള്ള ഗ്രൈന്റിംഗ് യൂണിറ്റ് കഴിഞ്ഞ മേയ് മാസത്തിൽ പുനരാരംഭ പ്രവർത്തനം ആരംഭിച്ചു. ജീവനക്കാരുടെ എല്ലാ ആനുകൂല്യങ്ങളും നൽകിയതിനു ശേഷവും കമ്പനി ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. മലബാർ സിമെന്റ്സ് വിപുലീകരണത്തിന്റെ ഭാഗമായി തുടങ്ങുവാനുദ്ദേശിക്കുന്ന സിമെന്റ് & മെറ്റീരിയൽ ഹാന്റ്ലിംഗ് ഹബ് കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ തുടങ്ങുവാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

മലബാർ സിമന്റ്സിൽ എല്ലാ പ്രൊക്യൂർമെന്റുകളും ഇ-ടെണ്ടർ വഴിയാണ് നടത്തുന്നത്.

(ബി) മലബാർ സിമെന്റ്സ് തകർച്ചയെ നേരിടുന്നില്ല. 2006 മുതൽ 2011 വരെയുള്ള 5 വർഷക്കാലയളവിൽ 189.44 കോടി രൂപയാണ് മലബാർ സിമെന്റ്സിന്റെ ലാഭം (profit before tax and excluding provisions). ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-2015 (4 വർഷം) കാലയളവിൽ 126.88 കോടി രൂപ ലാഭം കൈവരിക്കാൻ കഴിഞ്ഞു. രണ്ട് സിമന്റ് വേജ് റിവിഷനും, 2013 മുതൽ സർവ്വീസ് വെയിറ്റേജും നടപ്പിലാക്കുക വഴി ജീവനക്കാരുടെ ശമ്പളയിനത്തിലുണ്ടായിട്ടുള്ള അധിക സാമ്പത്തിക ബാധ്യതയുടെയും ഉത്പാദന ചെലവിൽ വന്നിട്ടുള്ള വർദ്ധനയുടെയും പശ്ചാത്തലത്തിലും കമ്പനി മികച്ച പ്രകടനമാണ് കാഴ്ചവച്ചിട്ടുള്ളത്. നടപ്പ് സാമ്പത്തിക വർഷം 52 കോടി രൂപയോളം ലാഭം പ്രതീക്ഷിക്കുന്നു.

(സി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിച്ച് അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നിരന്തര ശ്രമങ്ങളാണ് ഈ സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ ദീർഘ/ഹ്രസ്വകാല പദ്ധതികൾക്ക് ഇതുവരെ ഏകദേശം 839.90 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

സ്റ്റാർട്ടപ്പ് വ്യവസായ രംഗത്തെ നിക്ഷേപം

243 (610) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റാർട്ടപ്പ് വ്യവസായ രംഗത്ത് നിക്ഷേപം കുറഞ്ഞതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്റ്റാർട്ടപ്പ് യുവ സംരംഭക നയവും, ഇൻക്യുബേഷൻ സെന്ററും സ്റ്റാർട്ടപ്പ് വില്ലേജും , അവയ്ക്ക നൽകിയ പ്രചാരത്തിനനുസൃതമായി വളർത്തിയെടുക്കുന്നതിൽ വീഴ്ച വന്നതായി കരുതുന്നുണ്ടോ ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) നാസ്കോം കണക്കുകൾ പ്രകാരം ഇൻഡ്യയിലാകെ ഉയർന്നു വന്ന ഐ.ടി സ്റ്റാർട്ടപ്പുകളുടെ എത്ര ശതമാനമാണ് കേരളത്തിനുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) യുവ സംരംഭക രംഗത്ത് ഇന്ത്യയിൽ നടപ്പുവർഷം പ്രതീക്ഷിക്കുന്ന നിക്ഷേപത്തിന്റെ എത്രശതമാനം സംസ്ഥാനത്തിന് ലഭിക്കുമെന്നാണ് കരുതുന്നത് ; വ്യക്തമാക്കുമോ ;

(ഇ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് ഡസ്റ്റിനേഷനുകളിലും സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ, സ്റ്റാർട്ടപ്പ് വില്ലേജുകൾ എന്നിവ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) സ്റ്റാർട്ടപ് പദ്ധതികളിൽ സംസ്ഥാനത്ത് നിക്ഷേപം കുറഞ്ഞതായി ശ്രദ്ധയിൽപെട്ടിട്ടില്ല.

(ബി) ഇക്കാര്യത്തിൽ വീഴ്ചയൊന്നും സംഭവിച്ചതായി ശ്രദ്ധയിൽപെട്ടിട്ടില്ല.

(സി) നാസ്കോം റിപ്പോർട്ടിൽ സംസ്ഥാന തലത്തിലെ ശതമാനം ലഭ്യമല്ല.

(ഡി) നടപ്പുവർഷം സംസ്ഥാനത്തിന് യുവസംരംഭക മേഖലയിൽ പ്രതീക്ഷിക്കുന്ന നിക്ഷേപത്തിന്റെ വിശദാംശം ലഭ്യമല്ല.

(ഇ) തിരുവനന്തപുരം ടെക്നോപാർക്കിൽ കേരള സ്റ്റാർട്ടപ് മിഷന്റെ ഇൻകുബേറ്റർ പ്രവർത്തിച്ചുവരുന്നു. ഐ.റ്റി. മേഖലയിലെ എല്ലാ സൗകര്യങ്ങളും അവിടെ ലഭ്യമാണ്. എറണാകുളം ഇൻഫോപാർക്കിൽ NASSCOM-മായി സഹകരിച്ച് ഒരു വെയർഹൗസ് സ്ഥാപിച്ചിട്ടുണ്ട്. എറണാകുളം കളമശ്ശേരിയിലെ ടെക്നോളജി ഇന്നവേഷൻ സോണിൽ സ്റ്റാർട്ടപ് വില്ലേജിന്റെ ടെലികോം ഇൻകുബേറ്ററും രാജീവ്ഗാന്ധി ബയോടെക്നോളജി കേന്ദ്രത്തിന്റെ ബയോടെക്നോളജി ഇൻകുബേറ്ററും പ്രവർത്തിച്ചുവരുന്നു. കോഴിക്കോട് കേരളാ സ്റ്റാർട്ടപ് മിഷന്റെ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly